# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.66    28.09.2011 ൽ മറുപടിയ്ക്ക്

### മുല്ലപ്പെരിയാർ ഡാം സംരക്ഷിക്കുന്നതിനും പുതിയ ഡാം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.ഹൈബി ഈഡൻ
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ.എ.റ്റി.ജോർജ്

ഉത്തരം

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ ഡാം സംരക്ഷിക്കുന്നതിനും പുതിയ ഡാം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (എ) പുതിയ ഡാം നിർമ്മിക്കാൻ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തികരിച്ചു. അതിൻെറ അടിസ്ഥാനത്തിൽ ഡാമിന്റെ ഡിസൈൻ, സാധ്യതാപഠന റിപ്പോർട്ട് എന്നിവ പൂർത്തിയാക്കി. സുപ്രീംകോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റി മുൻപാകെ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. പുതിയ ഡാമിന്റെ ഡി.പി.ആർ ഈ മാസം 30-ാം തീയതിക്കു മുൻപ് എംപവേർഡ് കമ്മിറ്റിക്കു സമർപ്പിക്കുന്നതാണ്. |
| (ബി) ഇതിനുവേണ്ടി പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) പെരിയാർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രത്യേക സ്ഥാപനം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ പരിശോധിച്ചു വരുന്നു. |
| (സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിട്ടുണ്ടോ; | (സി) ഇല്ല |

| | |
|---|---|
| **(ഡി)** ഡാം ബ്രേക്ക് അനാലിസിസ് **നട**ത്തുന്നതിന് വിദഗ്ദ്ധ ഏജൻസിയെ **ചുമ**തലപ്പെടുത്തുമോ;<br><br>(ഇ) എങ്കിൽ ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (ഡി) & (ഇ) ഡാം ബ്രേക്ക് അനാലിസിസ് നടത്തുന്നതിന് ഐ.ഐ.റ്റി, റൂർക്കിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) അനാലിസിസ് ഏതൊക്കെ പ്രദേശത്താണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (എഫ്) മുല്ലപ്പെരിയാർ ഡാമിനു താഴെ പെരിയാർ നദി ഒഴുകുന്ന പ്രദേശങ്ങളുടെ ഇരു കരകളിലും നദി കടലിൽ യോജിക്കുന്ന ഭാഗം വരെയുമാണ് പഠന വിധേയമാക്കുന്നത്. |

സെക്ഷൻ ഓഫീസർ